## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.495 — 08.08.2017-ൽ മറുപടിയ്ക്ക്

### നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

| | ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br>എക്സൈസ് വകുപ്പ് — 2007.87 കോടി രൂപ<br>രജിസ്ട്രേഷൻ വകുപ്പ് — 2653.71 കോടി രൂപ<br>മോട്ടോർ വാഹന വകുപ്പ് — 3026.42 കോടി രൂപ<br>ലാന്റ് റവന്യൂ വകുപ്പ് — 993.62 കോടി രൂപ<br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് — 34038.36 കോടി രൂപ |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന തുക വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br>എക്സൈസ് വകുപ്പ് — 2397.36 കോടി രൂപ<br>രജിസ്ട്രേഷൻ വകുപ്പ് — 3303.62 കോടി രൂപ<br>മോട്ടോർ വാഹന വകുപ്പ് — 3247.38 കോടി രൂപ<br>ലാന്റ് റവന്യൂ വകുപ്പ് — 1180.56 കോടി രൂപ<br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് — 36963.92 കോടി രൂപ |
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | തമിഴ്നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ഡി) | ഉണ്ട്. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ 'സി' ഫോറം വെരിഫിക്കേഷനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ |

| | | | |
|---|---|---|---|
| | ഇത് തടയുവാൻ എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നത് കർശനമാക്കിയിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവ് നടത്തുന്നില്ല. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത സ്പിരിറ്റ്/വ്യാജമദ്യ കടത്ത് എന്നിവയിലൂടെ നിയമാനുസൃത മദ്യവില്പനയിലൂടെ ലഭിക്കേണ്ട ഡ്യൂട്ടിയും മറ്റു നികുതികളും സർക്കാരിന് നഷ്ടപ്പെടുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇൻറലിജൻസ് വിഭാഗങ്ങളും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ.**